# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1095** | **12/03/2015-ൽ മറുപടിക്ക്**

## ഇടുക്കി ജില്ലയിലെ പഠന വൈകല്യമുള്ള കുട്ടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ഇടുക്കി ജില്ലയിലെ വിവിധ സ്കൂളുകളിൽ പഠിക്കുന്ന പഠന വൈകല്യമുള്ള കുട്ടികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷയിൽ സഹായിയെ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ വിദ്യാഭ്യാസ വകുപ്പ് നിരസിക്കുകയുണ്ടായോ; എത്ര കുട്ടികളുടെ അപേക്ഷയാണ് നിരസിച്ചത്;<br><br>(ബി) പഠന വൈകല്യം, മനോവൈകല്യം എന്നിവയുള്ള വിദ്യാർത്ഥികൾക്ക് പരീക്ഷാ ഹാളിൽ സഹായിയെ അനുവദിക്കാം എന്ന വ്യവസ്ഥ പ്രകാരം അനുമതി തേടിയ അപേക്ഷകൾ നിരസിക്കുവാനിടയായ സാഹചര്യം വിശദീകരിക്കാമോ; | (എ) യും (ബി) യും<br><br>ഇടുക്കി ജില്ലയിൽ നിന്നും പഠന വൈകല്യമുള്ള കുട്ടികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷയിൽ സഹായിയെ ആവശ്യപ്പെട്ട് ലഭിച്ച അപേക്ഷകൾ ഒന്നും തന്നെ നിരസിച്ചിട്ടില്ല. |
| (സി) ഓരോ ജില്ലകളിലും സമാന കാരണം ചൂണ്ടിക്കാട്ടി എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ട് എന്നത് ജില്ല തിരിച്ച് കണക്ക് നൽകാമോ;<br><br>(ഡി) പ്രസ്തുത കുട്ടികൾക്ക് അർഹതപ്പെട്ട സഹായത്തോടെ പരീക്ഷ എഴുതുന്നതിനായി നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ? | (സി) യും (ഡി) യും<br><br>അപേക്ഷയോടൊപ്പം നോട്ടിഫിക്കേഷൻ പ്രകാരമുള്ള ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കാത്തതു കാരണം യഥാക്രമം ആലപ്പുഴ 1, തൃശ്ശൂർ 2, എറണാകുളം 1 എന്നിക്രമത്തിൽ 4 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. |

Sreedevi

**സെക്ഷൻ ഓഫീസർ**